കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂവച്ചൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

ജില്ലാ ഓഡിറ്റ്, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി .5/1689/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ lfadtvm@yahoo.in

തീയതി 5.8.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂവച്ചൽ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

കെ.എസ്.എ..റ്റി.വി.എം/ജി.പി.5/1689/17 തീയതി 8.8.2017

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക 27.7.2017ന് ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.10.2016 മുതൽ 19.7.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ.എ (ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.07.2017മുതൽ 31.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | 1) ശ്രീ. മുഹമ്മദ് സലീം. എം., ഓഡിറ്റ് ഓഫീസർ<br>2) ശ്രീ. സുരേഷ് ബാബു.ബി, സീ. ഗ്രേഡ് ഓഡിറ്റർ<br>3) ശ്രീ. കോസല രാമദാസ്, സീ. ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ. രാമചന്ദ്രൻ, 1.4.2016 മുതൽ 31.3.2017 വരെ

സെക്രട്ടറി 1) ശ്രീ. ഗോപിനാഥൻ, 1.4.2016 മുതൽ 1.8.2016 വരെ

2) ശ്രീ. ജോസഫ് ബിജു. എം., 2.8.2016 മുതൽ 31.3.2017 വരെ

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഷീന. പി.കെ. | 1.4.2016 മുതൽ 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1) ശ്രീ. പ്രദീപ്,<br>2) ശ്രീ. ഹരികുമാർ. റ്റി.<br>3) ശ്രീമതി സംഗീതാ കൃഷ്ണൻ<br>4) ശ്രീമതി ഗംഗ | 1.4.2016 മുതൽ 29.6.2016 വരെ<br>1.4.2016 മുതൽ 5.11.2016<br>5.7.2016 മുതൽ 31.3.2017 വരെ<br>7.10.2016 മുതൽ 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി കലാവതി. എം.എസ്. | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. നെൽസൺ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. റോഷ്നി | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബീന. ജി. | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി സീനത്ത് ബീവി. | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്റിനറി സർജൻ | ശ്രീ. അപർണ. എസ്. | 1.4.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെകട്ടറി | ശ്രീ. നന്ദകുമാർ. സി.,<br>ശ്രീ. സനിൽകുമാർ. ജി. | 1.4.2016 മുതൽ 21.6.2016 വരെ<br>26.8.2016 മുതൽ31.3.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| | ഭാഗം 2 | | |
| 12 | പരസ്യനികുതി പിരിച്ചെടുക്കുന്നില്ല – നടപടി | 2.1 | |

| | | | |
|---|---|---|---|
| | അനിവാര്യം | | |
| 13 | ലേല കുടിശ്ശിക – 57000/- രൂപ | 2.2 | |
| 14 | കൃത്യസമയത്ത് ലേലം കൊണ്ടില്ല – തനത് ഫണ്ട് 31500/- രൂപ നഷ്ടം | 2.3 | |
| 15 | തൊഴിൽ നികുതി - ആകെ വരുമാനം ഉറപ്പാക്കാതെ തൊഴിൽ നികുതി ഈടാക്കുന്നു. | 2.4 | |
| 16 | വസ്തു നികുതി നിർണ്ണയം - പരിഷ്കരണം | 2.5 | |
| 17 | പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. | 2.6 | |
| | ഭാഗം 3 | | |
| 18 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം - തുക തടസ്സപ്പെടുത്തുന്നു. 630000/- | 3.1 | |
| 19 | വയോ സൗഹൃദപഞ്ചായത്ത്- എന്ന പദ്ധതി വികസന ഫണ്ടിന്റെ വ്യതിയാനം 50000/- രൂപ തടസ്സം ചെയ്യുന്നു. | 3.2 | |
| 20 | ഭവനപുനരുദ്ധാരണം - എസ്.സി.പി. പദ്ധതി | 3.3 | |

| | | | |
|---|---|---|---|
| | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് - 714000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. | | |
| 21 | കാട്ടാക്കട ഗവ. എൽ.പി.എസ്. സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം - അപാകതകൾ - നഷ്ടം 11718/- | 3.4 | |
| 22 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ 94570/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമായില്ല. | 3.5 | |
| 23 | ആയുർവെദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ 89208/- രൂപയുടെ മരുന്ന് ലഭ്യമായില്ല. | 3.6 | |
| 24 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ - നിരാകരണം . 10000/- | 3.7 | |
| | ഭാഗം 4 | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4.1 | |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിശദാംശങ്ങൾ | 4.2 | |

| | | | |
|---|---|---|---|
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4.3 | |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 30 | ഓഡിറ്റ് റിക്കവറി | 4.6 | |
| 31 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4.7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 8.3.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 30,23,91,450/- രൂപയും പ്രതീക്ഷിത ചെലവ് 28,62,30,900/- രൂപയും നീക്കിയിരിപ്പ് 1,61,60,550/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ്സ് ആന്റ് പേമെന്റ്സ് പ്രകാരം 9,49,95,525/- രൂപയും ചെലവ് 8,85,33,604/- രൂപയും നീക്കിയിരിപ്പ് 2,55,91,000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27.7.2017 | | – |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 201-17 | 27.7.2017 | |

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 19129079

വരവ് - 94995525

ആകെ - 114124604

ചെലവ് - 88533604

നീക്കിബാക്കി - 25591000

## 1-5 ഫണ്ട് വിനിയോഗം (റസീപ്റ്റ് ആന്റ് പേയ്മെന്റ്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 23001043 | 23001043 | 23001043 | -- |
| വികസന ഫണ്ട് എസ്.സി.പി. | 0 | 6889164 | 6889164 | 6889164 | -- |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 720522 | 720522 | 720522 | -- |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 5639310 | 5639310 | 5639310 | -- |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4838608 | 4838608 | 4838608 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 6389455 | 14300316 | 20689771 | 10747983 | 9941788 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | -- | 11739926 | 11739926 | 11739926 | -- |
| എം.എൻ.ആർ.ഇ. ജി.എസ്. | 986 | 1569016 | 1570002 | 1510420 | 59582 |
| ബി ഫണ്ട് | -- | 2769160 | 2769160 | 2769160 | -- |
| പെർഫോമൻസ് ഗ്രാന്റ് | -- | -- | -- | -- | -- |
| സാക്ഷരത | -- | -- | -- | -- | -- |
| ടോട്ടൽ സാനിട്ടേഷൻ | -- | -- | -- | -- | -- |
| തനത് ഫണ്ട് | 12455219 | 10681826 | 23137045 | 8198319 | 14938726 |
| മറ്റുള്ളവ | 283419 | 12846634 | 13130053 | 12479149 | 650904 |
| ആകെ | 19129079 | 94995525 | 114124604 | 88533604 | 25591000 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (സ്പിൽ ഓവർ ഉൾപ്പെടെ എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 105178066 | 153 | 62212072 | 21 | 57 | 66% |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 231 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 153 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ പൂർണ്ണമായി നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| നികുതി വരവുകൾ | 4261849 | 8202821 | 3940972 |
| നികുതിയേതര വരവുകൾ | 2779714 | 342876 | (-) 2436838 |
| മറ്റു വരവുകൾ | 737997 | 2136129 | 1398132 |
| ആകെ | 7779560 | 10681826 | 2902266 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്ഷേമപദ്ധതിയുടെ പേര്* | *ചെലവഴിച്ച തുക* | *ഗുണഭോക്താക്കളുടെ എണ്ണം* |
|---|---|---|
| തൊഴിൽരഹിത വേതനം | 1289160 | 694 |
| കർഷകതൊഴിലാളി പെൻഷൻ | 3799020 | 1649 |
| വിധവാപെൻഷൻ | 18049490 | 914 |
| വാർദ്ധക്യകാലപെൻഷൻ | 40793215 | 7039 |
| വികലാംഗ പെൻഷൻ | 6715070 | 2548 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1480000 | 50 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 763370 | 295 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.7.2017 രാവിലെ 11 AM ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29603/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപന നികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവർക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയീടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതിയീടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിപ്പിട്ടുള്ള മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും കുടിശ്ശികയില്ലാതെ വസ്തു നികുതി പിരിച്ചെടുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളിൽ നിന്നും ചട്ടപ്രകാരമുള്ള പരസ്യനികുതി ഈടാക്കുവാൻ ബൈലാ നിർമ്മിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്. അംഗനവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.1.2017 | 1.12.2016- 31.12.2016 | 20.4.2017 |
| അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 16.10.2014 | 2009-10 2013-14 | 9.12.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി പിരിച്ചെടുക്കുന്നില്ല - നടപടി അനിവാര്യം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒട്ടനവധി പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പരസ്യ നികുതി ഈടാക്കുന്നില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ടുള്ള 26.7.2017ലെ (നമ്പർ 6) ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പരസ്യനികുതി ഈടാക്കുന്നില്ലായെന്നും പരസ്യനികുതി ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനതു

വരുമാനമായ പരസ്യനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ബൈലോ അംഗീകാരത്തിനുള്ള തുടർനടപടികൾ ഭരണതലത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-2 ലേല കുടിശ്ശിക – 57000/- രൂപ

കാട്ടാക്കട പബ്ലിക് മാർക്കറ്റിലെ സാനിട്ടറി കോംപ്ലക്സ് കംഫർട്ട് സ്റ്റേഷൻ 2016-17 സാമ്പത്തിക വർഷത്തിൽ 86000/- രൂപയ്ക്ക് തൻസീം എന്നയാൾ ലേലം പിടിക്കുകയും അതിൽ 29000/- രൂപ മാത്രം അടയ്ക്കുകയുമുണ്ടായി. ബാക്കി തുകയായ 57000/- രൂപയുടെ അടവ് സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി തുക ഈടാക്കുന്നതിന് 29.7.2017ൽ ആർ. ആർ. നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി ലേല കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 2-3 കൃത്യ സമയത്ത് ലേലം കൊണ്ടില്ല – തനത് ഫണ്ട് നഷ്ടം 35100/- രൂപ

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പൊതു മാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ 1996ചട്ടം 19 (താത്ക്കാലിക കച്ചവടക്കാരിൽ നിന്നും ഫീസ് പിരിക്കാനുള്ള അധികാരം ലേലം ചെയ്തു കൊടുക്കൽ) പ്രകാരം ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി ലേല നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ സ്ഥിതി ചെയ്യുന്ന കാട്ടാക്കട മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 13 സ്റ്റാളുകളുടെ 2016-17 സാമ്പത്തിക വർഷത്തെ ലേലം മൂന്ന് മാസം താമസിച്ച് അതായത് 2016 ജൂൺ 22 നാണ് ലേലം നടന്നത്. അതുകൊണ്ട് മൂന്നുമാസത്തെ വാടക (13 x 900 x 3) തനത് ഫണ്ടിന് 35100/- രൂപ നഷ്ടം വരുത്തി. ലേലം സംബന്ധിച്ച് 29.7.2017ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 9ന് ചുവടെ ചേർക്കുന്ന രീതിയിലാണ് മറുപടി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള കാട്ടാക്കട ഷോപ്പിംഗ് കോംപ്ലക്സ് അടിയന്തിര മെയിന്റനൻസ് നടത്തുന്നതിന് തീരുമാനിച്ചതിനാലാണ് യഥാസമയം ലേലത്തിന് സാധിക്കാതിരുന്നതെന്നാണ്, അറ്റകുറ്റപണികൾ നടത്തി കടമുറികൾ അടിയന്തിരമായി ലേലം ചെയ്തു കൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി -

എ) ആകെ വരുമാനം ഉറപ്പു വരുത്താതെ തൊഴിൽ നികുതി ഈടാക്കുന്നു.

1996ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടു വാടക ബത്ത, സി.സി.എ, യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവ ഒഴികെ എല്ലാ അർദ്ധവാർഷിക വരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്. പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ ആകെ അർദ്ധവാർഷിക വരുമാനത്തിൽ ആർജ്ജിതാവധി പണമാക്കൽ, ബോണസ്/ഉത്സവബത്ത ഉൾപ്പെടുത്തിയാണോ സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രിക സമർപ്പിച്ചിരിക്കുന്നതെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

ബി) അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഡി.എ. | ബോണസ്/ ഉത്സവബത്ത | ആകെ | ഒടുക്കേണ്ട തുക | ഒടുക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | എൽ.എം.എസ്. യു.പി.എസ്. ഉറിയാക്കോട് | ഇ. ജോൺ ജോസഫ്/ ഓഫീസ് സ്റ്റാഫ് | 64500 | 63210 | 2340 | 130050 | 1250 | 1000 | 250 |
| 2 | ജി.എൽ.പി. എസ്. നെട്ടുവൻതറട്ട | സി. അംബിക , പി.റ്റി.സി.എം. | 36840 | 36102 | -- | 72942 | 750 | 600 | 150 |
| ആകെ | | | | | | | | | 400 |

സി) എസ്.കെ. ഹോസ്പിറ്റൽ, പട്ടക്കുളം എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി അടച്ചതിന്റെ പത്രിക ഫയലിൽ ഉണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഡിമാന്റ് രജിസ്റ്ററിൽ കാണുന്നില്ല.

ഡി) ബാങ്ക് ഓഫ് ബറോഡ എന്ന സ്ഥാപനം ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി, രണ്ടാം അർദ്ധവർഷത്തോടെയാണ് അടവാക്കിയിരിക്കുന്നത്. (റസീപ്റ്റ് നം. , 11602500033/31.3.2017, 11602500030/28.3.2017) എന്നാൽ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി വൈകി അടച്ചതിന്റെ പിഴപ്പലിശ ഈടാക്കിയില്ല.

ഇ) 2016-17 സാമ്പത്തിക വർഷം തൊഴിൽ /സ്ഥാപന നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

1. റീജിയണൽ അഗ്രികൾച്ചർ ഇൻസ്റ്റിറ്റ്യൂട്ടഷൻ
2. മിൽക്ക് സൊസൈറ്റി, വീരണക്കാവ്
3. മിൽക്ക് സൊസൈറ്റി, പറമ്പിൽമേൽക്കോണം
4. മിൽക്ക് സൊസൈറ്റി, തോട്ടമ്പാറ
5. നന്മ സ്റ്റോർ, പൊന്നെടുത്തകുഴി
6. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പൂവച്ചൽ

എഫ്) ഒന്നാം അർദ്ധവർഷം തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

7. റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി.
8. ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

ജി) രണ്ടാം അർദ്ധവർഷം തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

1. നവോദയ സി.എസ്.ഐ, ഇംഗ്ലീഷ് മീഡിയം സ്കൂൾ
2. മിൽക്ക് സൊസൈറ്റി, കാപ്പിക്കാട്

തൊഴിൽനികുതി അടവിൽ കുറവ് വന്ന 400/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും അടവാക്കുന്നതിനും തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടവാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വികരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## 2-5 വസ്തു നികുതി നിർണ്ണയം -പരിഷ്കരണം

പൂവച്ചൽ ഗ്രാമപഞ്ചായത്ത് 2013-14 വർഷത്തിന് മുമ്പുള്ള വസ്തു നികുതി കുടിശ്ശിക ജനറേറ്റ് ചെയ്തിട്ടുണ്ട്. പുതുക്കിയ സഞ്ചയ സോഫ്റ്റ് വെയറിൽ 2013-14 വർഷം മുതലുള്ള വസ്തു നികുതി ഡിമാന്റ് ജനറേറ്റ് ചെയ്യുന്നതിന് സാധിക്കുകയുള്ളുവെന്നതിനാൽ പഴയ നികുതി കുടിശ്ശിക ചേർത്ത് തന്നെയാണ് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വരുന്നത്. സ.ഉ.(എം.എസ്.)358/2015/ത.സ്വ.ഭ.വ. നമ്പർ 6.12.2015 തീയതിയിലെ ഉത്തരവ് പ്രകാരം 185 എം$^2$ ന് മുകളിലുള്ള വാസഗൃഹങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയ കെട്ടിടങ്ങളേയും മാറ്റം വരുത്താത്ത കെട്ടിടങ്ങളെയും പരിശോധിച്ച് വസ്തു നികുതി പരിഷ്കരിച്ച് നിർണ്ണയിച്ചിട്ടുമുണ്ട്. ആയതനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നുണ്ട്. മേൽ ഉത്തരവ് പ്രകാരം ഘടനാപരമായ മാറ്റങ്ങൾ വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്തിട്ടുള്ള കെട്ടിടങ്ങൾക്ക് പഴയ ഭാഗത്തിന് പഴയ നിരക്കിലും പുതുക്കിയ ഭാഗത്തിന് പുതിയ നിരക്കിലുള്ള ആനുപാതിക വർദ്ധനവ് വരുത്തി നികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്. ഘടനാപരമായ മാറ്റങ്ങൾ പരിശോധിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ട്. കൂട്ടിച്ചേർക്കലുകൾ പരിശോധന നടത്തിയിട്ടുള്ളതും ആയത് സംബന്ധിച്ച പഴയ അസസ്മെന്റ് രജിസ്റ്ററുകൾ, പെർമിറ്റ് രജിസ്റ്റർ, പ്ലാനുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നതെന്നാണ് ഇത് സംബന്ധിച്ച് 24.7.2017 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നികുതി കളക്ഷൻ 29% മാത്രമാണെന്ന് 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പുതിയ നിരക്കിൽ വസ്തു നികുതി കണക്കാക്കി വസ്തു നികുതിയുടെ കളക്ഷന്റെ നിരക്ക് വർദ്ധിപ്പിക്കേണ്ടതാണ്.

## 2-6 പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

ജി.ഒ.(എം.എസ്.)നം. 113/2009/ത.സ്വ.ഭ.വ. തീയതി 2.1.2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഏകദേശം 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു. ഇവയിൽ നിന്നും ഗ്രാമപഞ്ചായത്ത് നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ല. ബന്ധപ്പെട്ട വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പ് 6 ന് മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി അടവാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായിട്ടാണ് മറുപടി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുതന്നിനുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിച്ച് വസ്തു നികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - തുക തടസ്സപ്പെട്ടുത്തന്നു. 630000/- രൂപ

പ്രോജക്ടിന്റെ പേര് : എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

പ്രോജക്ട് നം : എസ്.ഓ. 075/17

അടങ്കൽ : 6,30,000/- (വികസന ഫണ്ട്)

ചെലവ് : 6,30,000/-

നിർവഹണം :അസിസ്റ്റന്റ് സെക്രട്ടറി.

ബിൽ നം. & തീയതി :- 55/16-17 തീയതി 30.3.2017

ജി.ഒ. (ആർ.ടി)787/2015/ത.സ്വ.ഭ.വ തീയതി 18.3.2015 പ്രകാരം പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ്,

കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ ലാപ് ടോപ്പ് വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുള്ളതിനാൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 630000/- രൂപ വകയിരുത്തി 28 വിദ്യാർത്ഥികൾക്ക് (22500 x 28) ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 17.8.2016ലെ സ.ഉ.(സാധാ.)നം.2464/2016/ത.സ്വ.ഭ.വ. പ്രകാരം ഒരു വിദ്യാർത്ഥിയ്ക്ക് പഠനകാലയളവിൽ ഒരു പ്രാവശ്യം മാത്രമേ നൽകാവൂ എന്നും വകുപ്പിൽ നിന്നും ഈ ആനുകല്യം കിട്ടിയിട്ടില്ലെന്ന് എസ്. സി. ഡെവലപ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമാണെന്നുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് ഈ നിബന്ധന പാലിച്ചിട്ടില്ല. വിഷയം സംബന്ധിച്ച് 26.7.2017ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 5 ന് മാർച്ച് മാസത്തിൽ സമയബന്ധിതമായി പദ്ധതി നിർവഹണം പൂർത്തിയാക്കേണ്ടതിനാൽ എസ്.സി. ഡിപ്പാർട്ട്മെന്റിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ആവശ്യപ്പെട്ടിരുന്നില്ല എന്നും ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എസ്. സി. ഡെവലപ്മെന്റ് വകുപ്പിൽ ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത തുകയുടെ പൂർണ്ണ ബാധ്യത അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് മാത്രമായിരിക്കും. ആയതിനാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 630000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 വയോ സൗഹൃദ പഞ്ചായത്ത് എന്ന പദ്ധതി വികസന ഫണ്ടിന്റെ വ്യതിയാനം - 50000/- രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്റ്റിന്റെ പേര് : എസ്.ഒ. 153/17

അടങ്കൽ : 50000/-

ഫണ്ട് : വികസന ഫണ്ട്.

നിർവഹണം : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

payment Vr. No. 18/17 തീയതി 20.10.2016

ICDS Bill No. 001/17 തീയതി 31.10.2016

മേൽ പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും 50000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ഭൂരിഭാഗവും ഉൽപ്പാദനപരമല്ലാത്ത പ്രവൃത്തികൾക്കാണ് വിനിയോഗിച്ചിരിക്കുന്നത്. അതായത്, ഫോട്ടോ, ഫ്ലക്സ്, ബാനർ, മൈക്ക് സെറ്റ് പൊന്നാട, നേരിയത്, ഭക്ഷണം എന്നിവയ്ക്കാണ് ചെലവ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് 25.7.2017ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3) പ്രസ്തുത പ്രോജക്റ്റിലൂടെ വൃദ്ധജനങ്ങൾക്ക് അംഗീകാരവും ആദരവും നൽകുന്നതിനും ആരോഗ്യ സംരക്ഷണത്തിനും വേണ്ടിയും സമയാസമയങ്ങളിൽ ജാഗ്രതാ സമിതി യോഗം ചേരുകയും മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിച്ചും നിരാലംബരായവർക്ക് വൃദ്ധസദനം വഴി ഭക്ഷണവും, നൽകുന്നത് ഉൾപ്പെടെയുള്ള സമഗ്രമായ കാഴ്ചപ്പാട് അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിന് സാമൂഹ്യനീതി ഡയറക്ടറുടെ അംഗീകാരം ലഭിച്ചതായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ജി.ഒ.(പി.)177/06/ധനം/തീയതി 12.4.2006 (ബിൽ (സമ്പ്രദായം) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാറ്റഗറി - എ ഫണ്ടായ വികസന ഫണ്ട് -വികേന്ദ്രീകൃത ആസൂത്രണ പ്രോജക്റ്റുകൾക്ക് മാത്രമാണ് വകയിരുത്തേണ്ടതെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. ടി പ്രോജക്റ്റ് മേൽ സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

ഇനിമേൽ സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ചെയ്യേണ്ട സാഹചര്യം സംജാതമാകുന്ന വേളയിൽ സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി വേണം പ്രോജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്.

## 3-3 ഭവന പുനരുദ്ധാരണം - എസ്.സി.പി. - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് - 714000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്റ്റിന്റെ പേര് : ഭവനപുനരുദ്ധാരണം - എസ്.സി.പി.

പ്രോജക്റ്റ് നം. : 56/17

നിർവഹണം : അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് : 714000/- 480000/- (12000 x 40)234000/-

ബിൽ നം.

| | | |
|---|---|---|
| 1) | 16/16-17 | 120000/- |
| 2) | 21/16-17 | 72000/- |
| 3) | 25/16-17 | 73000/- |
| 4) | 30/16-17 | 37000/- |

| | | |
|---|---|---|
| 5) | 32/16-17 | 196000/- |
| 6) | 37/16-17 | 75000/- |
| 7) | 40/16-17 | 13000/- |
| 8) | 44/16-17 | 12000/- |
| 9) | 47/16-17 | 52000/- |
| 10) | 48/16-17 | 52000/- |
| 11) | 50/16-17 | 12000/- |
| | | 714000/- |

12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ – 5 (ജി.ഒ.(എം.എസ്.)4/2016 ത.സ്വ.ഭ.വ. തീയതി 11.1.2016)ൽ പട്ടികജാതി/പട്ടികവർഗ്ഗം -വീട് പുനരുദ്ധാരണത്തിനുള്ള മാനദണ്ഡത്തിൽ വരുമാനപരിധി 50000/- രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ പ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ 2016-17 സാമ്പത്തിക വർഷം പൂവച്ചൽ പഞ്ചായത്തിൽ മേൽ പദ്ധതി പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 40 ഗുണഭോക്താക്കൾക്ക് (12000 x 40) 4,80,000/-രൂപയും 18 ഗുണഭോക്താക്കൾക്ക് 234000/- രൂപയും ഭവന പുനരുദ്ധാരണത്തിന് വരുമാന സർട്ടിഫിക്കറ്റ് ഇല്ലാതെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 28.7.2017ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7 ന് ബി.പി.എൽ റേഷൻ കാർഡുള്ളതും 2009ലെ ബി.പി.എൽ പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് വരുമാനസർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നില്ലായെന്നും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തതോ, റേഷൻ കാർഡ് ബി.പി.എൽ. അല്ലാത്തതോ ആയ ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. മാത്രമല്ല, വരും വർഷം എല്ലാ ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിനും മാർഗ്ഗരേഖയ്ക്കും വിരുദ്ധമായി ചെലവാക്കിയ 714000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അനുബന്ധരേഖ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 കാട്ടാക്കട ഗവ. എൽ.പി.എസ്. സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം - അപാകതകൾ - നഷ്ടം 11718/-

പദ്ധതി നം. 226/17

അടങ്കൽ - 600000/-

ചെലവ് - 508000/-

കരാറുകാരൻ - ലാൽ ഡി.

എം. ബുക്ക് നം. - 432/16-17

ബിൽ നം. - 58/16-17 തീയതി 25.3.2017

ഈ പ്രവൃത്തിയെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) *സിമന്റ് പ്ലാസ്റ്ററിംഗ് (1:3 , 12mm) അധിക തുക നൽകി.*

ടി പ്രവൃത്തിയിൽ എം. ബുക്ക് പേജ് നം. 20ൽ 54.54 $m^2$ പ്രദേശം 1:3 , 12 mm സിമന്റ് പ്ലാസ്റ്ററിംഗ് ചെയ്തിട്ടുണ്ട്. എന്നാൽ എം. ബുക്ക് ബിൽ ഭാഗത്ത് തുക നൽകിയപ്പോൾ 59 .54 $m^2$ നാണ് തുക അനുവദിച്ചത്. (എം. ബുക്ക് പേജ് നം. 55)

പ്രവൃത്തി നിർവഹിച്ച അളവ് - 54. 54 എം$^2$

നൽകിയ തുക 59.54 എം$^2$ @ 286.5197 / എം$^2$ = 17059/-

നൽകേണ്ട തുക 54.54 എം$^2$ @ 286.5197 / എം$^2$ = 15627/-

അധികം നൽകിയത് 1432/-

Note : 286.5197 / എം$^2$ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കാണ്.

2) ഇലക്ട്രിക് വർക്കിന് അധിക തുക നൽകി.

ടി പ്രവൃത്തിയിൽ ഇലക്ട്രിക് പ്രവൃത്തി നിർവഹിക്കുന്നതിനായി 10009/- രൂപ എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയിരുന്നു. (payment as per bill) കരാറുകാരൻ 10286/- രൂപയുടെ ഇലക്ട്രിക് പ്രവൃത്തിയുടെ ബില്ലുകൾ സമർപ്പിച്ചിരുന്നു. എന്നാൽ അന്തിമ തുക അനുവദിച്ച സമയത്ത് ഇലക്ട്രിക് പ്രവൃത്തിയുടെ തുക 10009/- രൂപയിൽ പരിമിതപ്പെടുത്തുകയും ബിൽ തുക കൂടിയ അവസരത്തിൽ 10286/- രൂപ കൂടെ കണക്കാക്കിയതിനാൽ ഇരട്ടിപ്പ് സംഭവിക്കുകയും ചെയ്തു. ആയതിനാൽ കരാറുകാരന് അനർഹമായി 10286/- രൂപ ഈയിനത്തിൽ അനുവദിക്കേണ്ടി വന്നു.

ടി വിവരം ഓഡിറ്റ് എൻക്വയറി ന്. 8/28.7.2017 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തുകയും, എഞ്ചിനീയർ അപാകത അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ആകെ നഷ്ട തുക 11718/- രൂപ (10286+1432) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - 94570/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നം. 76/16-17 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങിയത്.

ബിൽ നം. 1/16-17 തീയതി 11.11.2016

ചെക്ക് നം. 752034/21.11.2016 200000/- രൂപ

അടങ്കൽ തുക 200000/- നിർവഹണം മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ സൂചന പ്രകാരമുള്ള ഹോമിയൊ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ 105430/- രൂപയ്ക്കുള്ള മരുന്ന് 7/4/17 ന് ലഭ്യമായി. ബാക്കി 94570/- രൂപയ്ക്കുള്ള മരുന്ന് കിട്ടാനുണ്ട്. ഹോം കോയിൽ നിന്നും അടിയന്തിരമായി മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടിയ്ക്ക് കൈക്കൊള്ളേണ്ടതാണ്.

## 3-6 ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - 89208/- രൂപയുടെ മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നം 78/16-17 ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ

ബിൽ നം. 1273/2016-17 തീയതി 11.11.2016 : 451262

1317/2016-17 തീയതി 25.11.2016 : 117632

1555/2016-17 തീയതി 17.1.2017 : 54851

1706/2016-17 തീയതി 31.1.2017 : 114432

1968/2016-17 തീയതി 28.2.2017 : 158776

2220/2016-17 തീയതി 21.3.2017 : 13839

അടങ്കൽ തുക - 10 ലക്ഷം രൂപ

ചെലവായ തുക – 910792/-

ആയുർവേദ ഡോക്ടർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 89200/- രൂപയുടെ മരുന്നു ഇനിയും ലഭിക്കാനുണ്ട്. ഓഡിറ്റ് എൻക്വയറി 2നുള്ള മറുപടിയിൽ മരുന്ന് അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചു.

## 3-7 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവഹണം - നടത്തിയ പദ്ധതികളിലെ അപാകതകൾ - നിരാകരിക്കുന്നു. 10000/-

1) പ്രോജക്ട് നം. 4/16-17 : പാലിയേറ്റീവ് കെയർ

ബിൽ നം. 2/2016 തീയതി 15.10.2016 – 57401/-

അടങ്കൽ തുക : 57401/-

കെ.എൻ.19എ-2100 എന്ന വാഹനത്തിന് വാടക ഇനത്തിലാണ് ടി തുക നൽകിയിരിക്കുന്നത്. എന്നാൽ ടി വാഹനം വാടകയ്ക്ക് എടുത്തത് ക്വട്ടേഷൻ മുഖാന്തിരമാണെന്ന് ആവശ്യമായ രേഖകൾ ഫയലിൽ ലഭ്യമല്ല. ഈ ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഭാവിയിൽ അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പ്രോജക്ട് നം. 53/16-17 പാലിയേറ്റീവ് കെയർ

1) ബിൽ നം. 1/16-17 തീയതി 15.10.2016 - 340780/- രൂപ

2) ബിൽ നം. 3/16-17 തീയതി 30.10.2016 – 55250/- രൂപ

3) ബിൽ നം. 6/16-17 തീയതി 31.12.2016 – 635000/- രൂപ

4) ബിൽ നം. 10/16-17 തീയതി 31.3.2017 – 463970/- രൂപ

എ) പാലിയേറ്റീവ് കെയർ നേഴ്സിന് അധികം നൽകിയ തുക – തിരികെ ഈടാക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ നേഴ്സിന് 2016 നവംബർ മാസം - 10000/- രൂപ വീതം രണ്ട് തവണ

നൽകിയതായി കൈപ്പറ്റ് രസീതുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തി. ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 10000/- രൂപ തിരികെ അടയ്ക്കേണ്ടതാണ്.

ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈക്കാട് തിരുവനന്തപുരത്തിന് 42840/-രൂപ വീൽ ചെയർ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. വീൽ ചെയർ നാളിതുവരെ ലഭ്യമായിട്ടില്ല. വീൽ ചെയർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്. തുടർനടപടി വിവരങ്ങളും സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെയുള്ള അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. കൂടാതെ 430000/- രൂപയ്ക്ക് മരുന്ന് വാങ്ങിയതുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ചില പേജുകളിൽ സ്റ്റോക്ക് വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തി. സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്ററുകൾ (മറ്റ് സബ് രജിസ്റ്ററുകൾ ഉൾപ്പെടെ) എന്നിവ ശരിയായ രീതിയിൽ എഴുതി തയ്യാറാക്കി പരിപാലിക്കേണ്ടതും ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുഴലാർ ഹൗസിംഗ് കോളനി പൈപ്പ് ലൈൻ | 21601151 | 197000 | 0 | 197000 |
| KSEB | കൊണ്ണിയൂർ വാർഡിന്റെ | 21600749 | 99400 | 0 | 99400 |

| | | | | | |
|---|---|---|---|---|---|
| | വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ - മാടച്ചിറ റോഡ് | | | | |
| KSEB | പോസ്റ്റ് നിർത്തൽ - ലൈറ്റ് സ്ഥാപിക്കൽ | 21601374 | 101500 | 0 | 101500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 429/2010 6.2.2010 | 21069000 | 8427600 | 2106900 | -- | 6320700 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | തീയതി |
|---|---|---|---|---|
| 2009-10 | 2-7 | 150 | ശ്രീമതി തങ്കമണി, എഫ്.റ്റി.എസ്, പൂവച്ചൽ | 11602104865 30.12.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുന്നു.

| ഓഡിറ്റ് വർഷം / ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | വിഷയം | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| 2003-04<br>3-25 | 2007-08<br>3-4 | ലേലം ചെയ്ത തടി കൊണ്ടു പോകാൻ അനുവദിക്കാത്തതിന് കാരണം പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം | റവന്യൂ റിക്കവറി നടപടികൾ തുടർന്ന് വരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94995525.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88533604.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21718.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1394000.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-4 | | 11718/- | ശ്രീ. സൂരജ്. സി.ജെ.,<br>അസി. എഞ്ചിനീയർ |
| 3-7 | | 10000/- | ഡോ. നെൽസൺ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 630000 | ശ്രീ. സനിൽകുമാർ. ജി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 50000/- | ശ്രീമതി കലാവതി. എം.എസ്.,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3.3 | 714000/- | ശ്രീ. സനിൽകുമാർ. ജി. അസിസ്റ്റന്റ് സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സൂരജ്. സി.ജെ. ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | ചൈതന്യ,<br>മണ്ഡപത്തിൻ കടവ്<br>ഒറ്റശേഖരമംഗലം | ചൈതന്യ,<br>മണ്ഡപത്തിൻ കടവ്<br>ഒറ്റശേഖരമംഗലം |
| ഡോ. നെൽസൺ,<br>മെഡിൽ ഓഫീസർ, പി.എച്ച.സി. | എൻ.ആർ. ഭവൻ,<br>കള്ളിക്കാട്,<br>മൈലക്കര. പി.ഒ. | എൻ.ആർ. ഭവൻ,<br>കള്ളിക്കാട്,<br>മൈലക്കര. പി.ഒ. |
| ശ്രീ. കെ. ഗോപിനാഥൻ,<br>സെക്രട്ടറി | അനിഴം,<br>കോട്ടറകോണം, തലയൽ, റസൽപുരം പി.ഒ. | അനിഴം,<br>കോട്ടറകോണം, തലയൽ, റസൽപുരം പിഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1253/03, dt 21.06.14 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 5/915/05, dt 21.06.14 | |

| | | |
|---|---|---|
| | | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.5/264/07,dt 21.06.14 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 5/1865,21.06.2014 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.5/817(A)/09,dt 28.10.11 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.5/818/09,dt 28.10.11 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.5/916/2010, dt 12.04.11 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.5/385/14,dt 03.09.2014 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.5/84/15,dt 09.07.15 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി5/84/15, dt 09.07.15 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1848,dt 19.10.15, | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1334/15, dt 3/06/15 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1346/15,dt 15.10.15 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1312/16, dt 19.07.16 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/2121/16, dt 14.12.16 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*ബിഎൽ. 17.8.2017*

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ്, ഇവ അനുസരിച്ചും കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അപാകങ്ങൾ

1) ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുള്ള 150/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്